ഉത്തരം

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് വില്പന നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ പെട്രോളിന്റെ വില്പന നികുതി നിരക്ക് 28.72 ശതമാനവും ഡീസലിന്റേത് 22.07 ശതമാനവുമാണ്. നിലവിൽ ഒരു ലിറ്റർ പെട്രോളിന് 14.29 രൂപയും ഡീസലിന് 9.88 രൂപയുമാണ് (എറണാകുളം ജില്ല) വിൽപ്പന നികുതിയായി ചുമത്തുന്നത്.

പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയ നടപടി

144 (4135) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലുവ അർബൻ ബാങ്കിൽ പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയതിനെതിരെ ബാങ്ക് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തോ എന്നറിയിക്കുമോ?

ഉത്തരം

അപേക്ഷ സർക്കാർ വാണിജ്യ നികുതി കമ്മീഷണറുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ

145 (4136) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാന വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ അറിയാമോ ; വിശദമാക്കാമോ ;

(ബി) ഈ വർഷം ഓണക്കാലത്ത് വില്പന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു ; ലഭിച്ചത് എത്ര; കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നികുതികളായിരുന്നു വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നത്; അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന എത്ര ശതമാനമായി ഉയരേണ്ടതുണ്ടായിരുന്നു ; എന്നിട്ടും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് എക്സൈസ് വകുപ്പിൽ വിവിധയിനത്തിലുള്ള ലൈസൻസ് ഫീസുകളും ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്നതിനുള്ള പിഴകളും ഉൾപ്പെടെയുള്ള നികുതികളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്ന വരുമാനവും അതാത് സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനവും ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ് (തുക കോടിയിൽ)	റവന്യൂ വരുമാനം (തുക കോടിയിൽ)
2011-12	2050	1888.88
2012-13	2550	2249.75
2013-14	2801	1931.89
2014-15	3208	1128.36 (നവംബർ വരെ)

2014-15 വർഷത്തിൽ എക്സൈസ്, റവന്യൂ വരുമാനത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റായി നിശ്ചയിച്ചിട്ടുള്ളത് 3208.36 കോടി രൂപയാണ്. 2014 നവംബർ മാസം 30 വരെയുള്ള റവന്യൂ വരുമാനം 1128.36 കോടി രൂപയാണ് എക്സൈസ് വകുപ്പിൽ ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിലുണ്ടായ കുറവ് മൂലമാണ്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻ വർഷങ്ങളിലെ വിദേശമദ്യ വില്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്. വിദേശമദ്യ വില്പനയുടെ പ്രതിവർഷ വളർച്ചാനിരക്ക് 2010-11 വർഷത്തിൽ 16 % ആയിരുന്നത് -1% എന്ന തോതിലേക്ക് 2013-14 വർഷത്തിൽ കുറവ് വന്നിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 244.33 ലക്ഷം കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം വില്പന നടന്നപ്പോൾ 2013-14 സാമ്പത്തിക വർഷത്തിൽ 240.67 ലക്ഷം കെയ്സ് മദ്യം മാത്രമാണ് വില്പന നടന്നത്. 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തെ മദ്യ നയം പ്രഖ്യാപിച്ചതുകൊണ്ട് 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വില്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ എക്സൈസ് വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന വകുപ്പിൽ പഴയ മോട്ടോർ കാറുകൾ, മോട്ടോർ സൈക്കിളുകൾ, 1500 സി.സി.യിൽ കുറവുള്ള മോട്ടോർ ക്യാബുകൾ, ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾ, 3000 കിലോ ഗ്രാം വരെ ഗ്രോസ് വെയിറ്റുള്ള ചരക്ക് വാഹനങ്ങൾ എന്നിവയ്ക്ക് ലംപ്സം ടാക്സ് ഏർപ്പെടുത്തി. 20 ലക്ഷം രൂപയ്ക്ക മുകളിലുള്ള മോട്ടോർ കാർ, ക്യാബ്, ടൂറിസ്റ്റ് ടാക്സി തുടങ്ങിയ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി 15-ൽ നിന്നും 20 ശതമാനമാക്കി. കോൺട്രാക്ട് ക്യാരേജുകളെ സീറ്റിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ഓർഡിനറി, പുഷ്ബാക്ക്, സ്ലീപ്പർ എന്നിങ്ങനെ വേർതിരിച്ച് നികുതി വർദ്ധിപ്പിച്ചു. ക്യാരവാൻ, ക്യാമ്പിംഗ് ട്രെയിലർ എന്നിവയുടെ നികുതി അവയുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്ക്വയർ മീറ്ററിന് 1,000 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ചു. ജനറേറ്റർ വാനിന്റെ നികുതി അവയുടെ രജിസ്റ്റേർഡ് ലാഡൻ വെയിറ്റിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ചു. ഇതിലൂടെ മുൻ വർഷത്തേക്കാൾ 13% നികുതി വർദ്ധനവ് പ്രതീക്ഷിച്ചിരുന്നു. നികുതി വർദ്ധനവുണ്ടായിട്ടും പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ മുൻ വർഷങ്ങളിലേതിനേക്കാൾ കുറഞ്ഞത് പ്രതീക്ഷിച്ച നികുതി വരുമാനം കുറയുവാൻ കാരണമായിട്ടുണ്ട്.

റവന്യൂ വകുപ്പിൽ ഭൂനികുതി, തോട്ട നികുതി, കെട്ടിട നികുതി, ആഡംബര നികുതി എന്നീ നികുതികൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി നികുതി വർദ്ധനവിന് ആനുപാതികമായി കഴിഞ്ഞ സാമ്പത്തിക വർഷം ഒക്ടോബർ മാസത്തെ ലാന്റ് റവന്യൂ വരവ് കണക്കിലെടുക്കുമ്പോൾ 2014 ഒക്ടോബർ മാസം വരെ ലാന്റ് റവന്യൂ വകുപ്പിലെ നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ്.

കാലയളവ്	പിരിക്കാവുന്ന മുതൽ (collectable demand)	ആകെ പിരിവ് (total collection)	പിരിവ് ശതമാനം	താരതമ്യ പ്രകാരം പിരിവിലുണ്ടായ വർദ്ധനവ്
2013 ഒക്ടോബർ	123.49 കോടി	88.26 കോടി	71.48 %	9.99 കോടി
2014 ഒക്ടോബർ	134.77 കോടി	98.25 കോടി	72.90 %	

കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഇപ്പോഴത്തെ സാമ്പത്തിക വർഷത്തിലെ അതേ കാലയളവിൽ 9.99 കോടി രൂപയുടെ വർദ്ധനവ് ലാന്റ് റവന്യൂ വകുപ്പിലെ വരുമാനത്തിൽ ഉണ്ടായിട്ടുണ്ട്. മറ്റ് വകുപ്പുകളിലെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.